നമ്പർ. സി. പി. (3) 5471/18

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി: 16.02.2018
**Email :** keralarcs.coop@kerala.gov.in
**Website : www. cooperation. kerala.gov.in.**

<u>സർക്കുലർ നമ്പർ : 13/18</u>

വിഷയം: സഹകരണ വകുപ്പ് – സ്വർണ്ണപണയ വായ്പകൾ അനുവദിക്കുന്നതും, സ്വർണ്ണപ്പണയ പണ്ടങ്ങൾ ഭൗതിക പരിശോധന നടത്തുന്നതും – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന:
1. സഹകരണ സംഘം രജിസ്ട്രാറുടെ 19.07.2016 ലെ 22/16–ാം നം. സർക്കുലർ
2. കണ്ണൂരിൽ വച്ച് സംഘടിപ്പിച്ച സഹകരണ കോൺഗ്രസ്സ് 2018 –ൽ ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ നിർദ്ദേശം.
3. ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ 14.02.2018 ലെ 4122/2008/**M-Coop/TSM/DEV** നമ്പർ കത്ത്.

സംസ്ഥാനത്ത് ചില സഹകരണ സംഘങ്ങൾ വ്യാജ സ്വർണ്ണ ഉരുപ്പടികൾ ഈടായി സ്വീകരിച്ച് കോടികണക്കിന് രൂപ വായ്പ നൽകിയത് വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തുകയും, ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ പോലീസ് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി ജീവനക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സ്വർണ്ണപണയ വായ്പകൾ നൽകുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾ പാലിക്കുന്നതിനായി സൂചന (1) സർക്കുലറിൽ പ്രതിപാദിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ നിലനിർത്തിയും അതിലുപരിയായി സൂചന (2) നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ടി സർക്കുലറിലെ 8–ാം മത് വ്യവസ്ഥയിൽ കൂടുതൽ സ്പഷ്ടീകരണം നൽകുന്നതിനായി ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ എ,ബി,സി ആയി ഉൾപ്പെടുത്തുന്നു.

എ) സഹകരണ സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണപ്പണയ പണ്ടങ്ങളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പു വരുത്തുന്നതിന് സംഘം തലത്തിൽ സംഘം സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ്, സംഘം ജീവനക്കാരിൽ നിന്നും ഒരു പ്രതിനിധി, ഒരു ഭരണസമിതി അംഗം, ഒരു അപ്രൈസർ (അതേ സംഘത്തിലെ ജീവനക്കാരൻ ആയിരിക്കരുത്) എന്നിവ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

ബി) സഹകരണ സംഘത്തിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ പണയ സ്വർണ്ണങ്ങളുടെയും ആധികാരികത ടി കമ്മിറ്റി ഭൗതിക പരിശോധന നടത്തി വിലയിരുത്തേണ്ടുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിച്ചിരിക്കുന്ന നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രത്തിന്റെ (പ്രൊഫോർമ എ) മൂന്ന് പ്രതികൾ തയ്യാറേക്കേണ്ടതും ഒരു പ്രതി അതത് ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) നു മുമ്പാകെ ഒരോ മൂന്ന് മാസത്തിലൊരിക്കൽ സമർപ്പിക്കേണ്ടതും ബാക്കി രണ്ട് പ്രതികളിൽ ഒരു പ്രതി സംഘം/ബാങ്ക് ബ്രാഞ്ചിലും, രണ്ടാം പ്രതി സംഘം/ബാങ്ക് ഹെഡ് ഓഫീസിലും സൂക്ഷിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ചുള്ള ആദ്യ സാക്ഷ്യപത്രം 15.03.2018 ന് മുമ്പ് സമർപ്പിക്കേണ്ടതാണ്.

സി) മേൽ പ്രസ്താവിച്ച പ്രകാരമുള്ള സാക്ഷ്യപത്രത്തിന്റെ സംഘത്തിൽ/ബാങ്കിൽ സൂക്ഷിച്ചിട്ടുള്ള പ്രതികൾ സഹകരണ വകുപ്പ് ഓഡിറ്റർമാർ പരിശോധന നടത്തുമ്പോൾ ഹാജരാക്കേണ്ടതും, ആയത് കണ്ട് ബോധിച്ചുവെന്ന് ബന്ധപ്പെട്ട ആഡിറ്റർമാർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അത്തരത്തിൽ സാക്ഷപ്പെടുത്തിയ സംഘങ്ങളിലെ സ്വർണ്ണപ്പണയ പണ്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് പിന്നീട് കണ്ടെത്തുകയാണെങ്കിൽ ആയതിന്മേലുള്ള പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട കമ്മിറ്റിക്കും ഭരണസമിതിക്കുമായിരിക്കുന്നതാണ്.

ഒപ്പ്
ഡോ.ഡി.സജിത്ത് ബാബു.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

(1) സഹകരണ ആഡിറ്റ് ഡയറക്ടർ , തിരുവനന്തപുരം.
(2) എല്ലാ ജോയിന്റ്രജിസ്ട്രാർ(ജനറൽ)മാർക്കും
(3) എല്ലാ ജോയന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും.

പകർപ്പ്:

1. ഈ ആഫീസിലെ അഡീഷണൽ രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർമാർ, ഡെപ്യൂട്ടി രജിസ്ട്രാർമാർ, സെക്ഷൻ സൂപ്രണ്ടുമാർ.
2. സഹകരണവീഥി, പ്രസിദ്ധീകരണത്തിന്.
3. സഹകരണ ജേണൽ, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ ഓഫീസ്, തിരുവനന്തപുരം (പ്രസിദ്ധീകരണത്തിന്)
4. രജിസ്ട്രാറുടെ മേശപ്പുറത്ത്
5. വെബ്സൈറ്റ്
6. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)

# സ്വർണ്ണപ്പണയ പരിശോധന സർട്ടിഫിക്കറ്റ്

(പ്രൊഫോർമ എ)

.......-ാം നമ്പർ ............... സർവ്വീസ് സഹകരണ ബാങ്കിന്റെ/സംഘത്തിന്റെ വിവിധ ശാഖകളിൽ ഉൾപ്പടെ .........ഗ്രാം സ്വർണ്ണം ഉണ്ടെന്നും ആയത് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ശരിയാണെന്നും ആയത് ഇരട്ടപ്പൂട്ട് സംവിധാന പ്രകാരം സൂക്ഷിച്ചിട്ടുണ്ടെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു. മേൽപ്പറഞ്ഞ വിവരങ്ങൾ ഞങ്ങൾ നടത്തിയ ഭൗതിക പരിശോധനയുടെ അടിസ്ഥാനത്തിലും സ്വന്തം അറിവിലും വിശ്വാസത്തിലും ശരിയെന്ന് ബോധ്യപ്പെട്ട് രേഖപ്പെടുത്തിയിട്ടുള്ളതാണ്.

സ്ഥലം: 2018.......ഫെബ്രുവരി/മാർച്ച് ......തീയതി

| | | പേര് | ഒപ്പ് |
|---|---|---|---|
| സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് | : | ,, | ,, |
| ബോർഡ് മെമ്പർ | : | ,, | ,, |
| സംഘം ജീവനക്കാരുടെ പ്രതിനിധി | : | ,, | ,, |
| ഗോൾഡ് അപ്രൈസർ | : | ,, | ,, |

ടി പരിശോധനയുടെ ആധികാരികത പൂർണ്ണമായും ഞങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുള്ളതാകയാൽ ടി പരിശോധന റിപ്പോർട്ടിന്മേൽ എന്തെങ്കിലും വ്യത്യാസമോ വ്യതിയാനങ്ങളോ വകുപ്പ്തല പരിശോധനയിലോ മറ്റോ കണ്ടെത്തുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം വ്യക്തിപരമായി ഞങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നതും നിയമാനുസൃത തുടർ നടപടികൾക്ക് ഞങ്ങൾ ബാധ്യസ്ഥരായിരിക്കുമെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | പേര് | ഒപ്പ് |
| സെക്രട്ടറി | : | ,, | ,, |
| ഭരണസമിതി അംഗങ്ങൾ | : | ,, | ,, |